## Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

**Prot. No. MPL: 88/26/13**

# സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ മാതാപിതാക്കളേ സഹോദരീ സഹോദരന്മാരേ വാത്സല്യമുള്ള കുഞ്ഞുമക്കളേ,

നമ്മുടെ രൂപതയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലിനെക്കുറിച്ച് നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുവാനും പങ്കുചേർക്കുവാനുമാണ് ഈ സന്ദേശം. 11 വർഷത്തെ ധന്യമായ വിശ്വാസവഴി പൂർത്തിയാക്കുന്ന നമ്മുടെ രൂപതയുടെ ആദ്യത്തെ എപ്പാർക്കിയൽ അസംബ്ലി (Eparchial Assembly), 2026 നവംബർ 19 മുതൽ 21 വരെ രൂപതയുടെ പാസ്റ്ററൽ സെന്ററായ 'സാന്തോം ഗ്രോവിൽ' (Santhom Grove) വച്ച് നടത്തപ്പെടുകയാണ്

രൂപതയിലെ എല്ലാ അംഗങ്ങളുടെയും പ്രാർത്ഥനകളും ചിന്തകളും ഉൾക്കൊണ്ട്, ഇടവകകളുടെയും മിഷനുകളുടെയും പ്രതിനിധികൾ ഒത്തുചേരുന്ന ഒരു സുപ്രധാന സമിതിയാണിത്. രൂപതയുടെ അജപാലനപരമായ കാര്യങ്ങൾ ചർച്ച ചെയ്യുവാനും, ക്ഷേമ പദ്ധതിക്ക് രൂപം നൽകുവാനും, രൂപതയുടെ ഭരണത്തിൽ മെത്രാനെ സഹായിക്കുവാനും ഈ അസംബ്ലിയിലൂടെ നമുക്ക് സാധിക്കുന്നു.

**നമ്മുടെ വിചിന്തനത്തിനായുള്ള 5 പ്രധാന മേഖലകൾ:**

നമ്മുടെ ഒരുമിച്ചുള്ള ചർച്ചകൾക്കും പ്രാർത്ഥനാപൂർവ്വമായ ചിന്തകൾക്കുമായി താഴെപ്പറയുന്ന 5 പ്രധാന വിഷയങ്ങളാണ് തിരഞ്ഞെടുത്തിരിക്കുന്നത്:

1. **വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ആത്മീയത:**

സീറോ മലബാർ സഭയുടെ ആത്മീയതയുടെയും അജപാലന പ്രവർത്തനങ്ങളുടെയും ജീവനാഡി പരിശുദ്ധ കുർബാനയാണ്. ഈ കുർബാനാനുഭവം നമ്മുടെയും നമ്മുടെ കുഞ്ഞുങ്ങളുടെയും ജീവിതത്തിൽ എങ്ങനെ കൂടുതൽ ആഴപ്പെടുത്താമെന്ന് നാം ഒരുമിച്ച് ചിന്തിക്കേണ്ടതുണ്ട്.

2. **കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ:**

ഒരു കുടിയേറ്റ ജനത എന്ന നിലയിൽ ജോലിത്തിരക്കുകളും ആധുനിക ജീവിതശൈലിയും നമ്മുടെ കുടുംബബന്ധങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. കുടുംബങ്ങൾ നേരിടുന്ന ഈ പ്രതിസന്ധികളെയും അവയ്ക്കുള്ള ആത്മീയ-പ്രായോഗിക പരിഹാരങ്ങളെയുംകുറിച്ച് നാം ഗൗരവമായിതന്നെ ചർച്ച ചെയ്യണം.

3. യുവതലമുറയുടെ വളർച്ച:

നമ്മുടെ കുഞ്ഞുങ്ങളും കൗമാരക്കാരും യുവാക്കളും നേരിടുന്ന അജപാലനപരവും സാമൂഹികവും സാംസ്കാരികവുമായ വെല്ലുവിളികളെ നാം തിരിച്ചറിയണം. അവരെ സഭയോടും ദൈവത്തോടും കൂടുതൽ താല്പര്യത്തോടെ ചേർത്തുനിർത്തുവാൻ എന്തൊക്കെ ചെയ്യാനാകുമെന്ന് നാം ഒരുമിച്ച് ആലോചിക്കേണ്ടതുണ്ട്.

4. വിശ്വാസ പരിശീലനം **(Sunday School):**

നമ്മുടെ രൂപതയിലെ 71 സമൂഹങ്ങളിലായി ഏകദേശം 13,500 ഓളം കുട്ടികൾ വിശ്വാസ പരിശീലനം നേടുന്നുണ്ട്. നിലവിലുള്ള പരിമിതികൾ മറികടന്ന്, മാതാപിതാക്കളുടെയും അധ്യാപകരുടെയും വൈദികരുടെയും നേതൃത്വത്തിൽ ഈ പരിശീലനം എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാമെന്ന് നാം ചിന്തിക്കണം.

5. സമുദായ ശാക്തീകരണവും സാമൂഹിക പ്രതിബദ്ധതയും:

നാം ഒരേസമയം ആത്മീയ കൂട്ടായ്മയും സാമൂഹിക-സാംസ്കാരിക കൂട്ടായ്മയുമാണ്. നമ്മുടെ തനിമയും ഭാഷയും അടുത്ത തലമുറയ്ക്ക് കൈമാറുവാൻ ഓസ്ട്രേലിയ, ന്യൂസിലൻഡ് സർക്കാരുകൾ നൽകുന്ന വലിയ പിന്തുണ നാം പ്രയോജനപ്പെടുത്തണം. നാം ജീവിക്കുന്ന ഈ രാജ്യങ്ങളെ സാംസ്കാരികമായും ആത്മീയമായും വളർത്തുവാൻ നമുക്ക് കടമയുണ്ട്.

മേൽപ്പറഞ്ഞ വിഷയങ്ങൾക്ക് പുറമേ, അജപാലനപരമായി പ്രാധാന്യമുള്ള മറ്റ് വിഷയങ്ങളും ചർച്ച ചെയ്യാവുന്നതാണ്.

**അസംബ്ലിക്കായുള്ള ഒരുക്കങ്ങൾ (ഇടവക തലത്തിൽ):**

ഈ വിഷയങ്ങൾ വരും ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനമധ്യേ ബഹുമാനപ്പെട്ട വികാരിയച്ചൻ വിശദീകരിക്കുന്നതാണ്. തുടർന്ന് വാർഡ് തലത്തിലും വിവിധ സംഘടനകളുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തണം.

**നേതൃത്വം:** ഇടവക വികാരി, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗം എന്നിവരടങ്ങുന്ന പാരിഷ് കമ്മിറ്റിയായിരിക്കും ചർച്ചകൾക്ക് നേതൃത്വം നൽകുക.

**റിപ്പോർട്ട്:** ചർച്ചകളുടെ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിക്കേണ്ടത് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ഉത്തരവാദിത്തമായിരിക്കും

**സന്തോഷകരമായ രണ്ട് പുതിയ പദ്ധതികൾ:**

എന്റെ ഇടവക സന്ദർശന വേളകളിൽ നിങ്ങളിൽ പലരും പങ്കുവെച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപതാ തലത്തിൽ രണ്ട് പുതിയ പദ്ധതികൾ ആരംഭിക്കുകയാണ്:

1. റോണ്ടിവ്യു **(Rendezvous)** യുവജന സംഗമം

വിവാഹപ്രായമെത്തിയ നമ്മുടെ പ്രിയപ്പെട്ട യുവതീയുവാക്കൾക്ക് പരസ്പരം കണ്ടുമുട്ടുവാനും പരിചയപ്പെടുവാനുമുള്ള ഒരു സുവർണ്ണാവസരമായി വരുന്ന **ഒക്ടോബർ-9,10,11** തിയ്യതികളിൽ, 3 ദിവസത്തെ പ്രോഗ്രാമായി രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് ഒരുങ്ങുന്നു. ഇതിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മാത്രമാണ് അവസരം. ഇതിന് നേതൃത്വം വഹിക്കുന്നത് രൂപതാ യൂത്ത് മിനിസ്ട്രിയായിരിക്കും. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഇതിൽ പങ്കെടുക്കുവാൻ പ്രത്യേകം പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2. **'Home for Homeless'** (ഭവനരഹിതർക്കൊരു ഭവനം)

പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം നൽകുന്നത് വിശുദ്ധ ഗ്രന്ഥം വിഭാവനം ചെയ്യുന്ന മനോഹരമായ ഒരു കാരുണ്യപ്രവർത്തിയാണ്. ഇന്ത്യയിലെ ആദിലാബാദ് രൂപതയിലെ ഭവനരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. ഒരു ചെറിയ ഭവനത്തിന് 6,000 ഡോളർ മാത്രമാണ് ചിലവ് വരുന്നത്. നമ്മുടെ ഇടവകകളും മിഷനുകളും, കുഞ്ഞുങ്ങളുടേയും യുവജനങ്ങളുടേയും സഹകരണത്തോടെ ഓരോ വീടുകൾ വീതം പണിയുവാനുള്ള തുക സമാഹരിക്കണമെന്ന് സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

ഈ അസംബ്ലിയുടെ വിജയത്തിനായി നമ്മുക്ക് എല്ലാവർക്കും ഒന്നിച്ച് പ്രാർത്ഥിക്കാം. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരും കൂടി ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും

മിശിഹായിൽ സ്നേഹപൂർവ്വം,

രൂപതാകാര്യാലയം
മെൽബൺ, 08.07.2026

**ബിഷപ്പ് ജോൺ പനന്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ